**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1867** **29-09-2025 - ൽ മറുപടിയ്ക്ക്**

**ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിലെ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിലും അനുബന്ധ സ്ഥാപനങ്ങളിലും സ്ഥിരം തസ്തിക സൃഷ്ടിക്കുന്നതിനായുള്ള പ്രൊപോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് ഫയൽ നമ്പർ ഉൾപ്പെടെ വ്യക്തമാക്കാമോ; എത്ര അസിസ്റ്റന്റ് തസ്തികകൾ ആണ് പ്രസ്തുത പ്രൊപോസലിൽ സർവകലാശാല ആവശ്യപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ സ്ഥിരം തസ്തിക അനുവദിച്ചിട്ടില്ല. തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് വിഷയം പരിശോധിക്കുന്നതിന് ആവശ്യമായ വിവരങ്ങൾ സർവകലാശാലയിൽ നിന്നും ലഭ്യമാക്കി സർക്കാർ പരിശോധിച്ചുവരികയാണ്. സ്ഥിരം തസ്തിക സൃഷ്ടിക്കുന്നതിനായുള്ള സർവകലാശാലയുടെ പ്രൊപ്പോസൽ പരിശോധിക്കുന്ന ഉന്നതവിദ്യാഭ്യാസ വകുപ്പിലെ ഫയൽ നം. HEDN-B2/92/2021-HEDN ആണ്. സ്ഥിരാടിസ്ഥാനത്തിലുള്ള 70 അസിസ്റ്റന്റ് തസ്തികകളാണ് പ്രസ്തുത പ്രൊപ്പോസലിൽ സർവകലാശാല ആവശ്യപ്പെട്ടത്. |
| (ബി) | പ്രസ്തുത സർവകലാശാലയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ സ്ഥിരം അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ; | (ബി) | നിലവിലെ ജോലിഭാരം കണക്കിലെടുത്ത് സർവ്വകലാശാലയുടെ സുഗമമായ പ്രവർത്തനത്തിന് സ്ഥിരാടിസ്ഥാനത്തിലുള്ള 70 അസിസ്റ്റന്റ് തസ്തികകളാണ് സർവകലാശാല ആവശ്യപ്പെട്ടത്. |
| (സി) | പ്രസ്തുത സർവകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്ന താത്കാലിക/കരാർ/ ദിവസവേതന ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ? | (സി) | ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിലവിൽ 72 പേർ ജോലി ചെയ്യുന്നുണ്ട്. താൽക്കാലിക/ദിവസവേതന ജീവനക്കാരെ അസിസ്റ്റന്റ് തസ്തികയിൽ നിയമിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ